(ഡി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പഠനത്തെയും പരീക്ഷകളെയും ബാധിക്കാത്ത വിധം പകരം ഏർപ്പാടുകൾ ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 9-2-2011-ൽ രണ്ടാം ഘട്ടം സെൻസസ് നടപടികൾ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) പ്രശ്നം സെൻസസ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റീജിയണൽ സയൻസ് സെന്ററുകളുടെ പ്രവർത്തനം

3 (1240) ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇപ്പോൾ സയൻസ് സെന്ററുകൾ പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത സെന്ററുകൾ വഴി എന്തൊക്കെ പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) ഇത്തരം സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന്റെ കീഴിൽ ഒരു റീജിയണൽ സയൻസ് സെന്റർ കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്.

(ബി) കുട്ടികളിൽ (വിദ്യാർത്ഥികളിൽ) ശാസ്ത്രാഭിമുഖ്യം വളർത്താനും ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കാനും വേണ്ട പ്രവർത്തനങ്ങളും പരിപാടികളുമാണ് അവിടെ സജ്ജമാക്കിയിട്ടുള്ളത്. വിശാലമായ സയൻസ് പാർക്ക്, പ്ലാനറ്റേറിയം, 3ഡി-തിയേറ്റർ, സയൻസ് ഗാലറികൾ, ജ്യോതിശാസ്ത്ര ഗാലറി, മറ്റു ഗാലറികൾ എന്നിവ സന്ദർശകർക്ക് നിരവധി വിജ്ഞാനവും വിനോദവും നൽകുന്നു. ഇതു കൂടാതെ കാലാകാലങ്ങളിൽ വാനനിരീക്ഷണം ശാസ്ത്ര സെമിനാറുകൾ, ശാസ്ത്ര പ്രവൃത്തിപരിചയ ക്ലാസ്സുകൾ ശാസ്ത്രജ്ഞരുമായുള്ള സംവാദം, ശാസ്ത്ര ചലച്ചിത്രങ്ങൾ തുടങ്ങി നിരവധി പരിപാടികൾ ഇവിടെ സംഘടിപ്പിക്കാറുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly